## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **05.03.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 1184**

**ഓഖി ദുരന്തത്തിൽ ഉണ്ടായ നാശനഷ്ടം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി.എസ്.ശിവകുമാർ**<br>**,, പി.ടി. തോമസ്**<br>**,, എം. വിൻസെന്റ്**<br>**,, അനൂപ് ജേക്കബ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തെ തീരദേശ മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം നൽകാമോ; | (എ) | ഓഖി ദുരന്തത്തിൽ മത്സ്യബന്ധന മേഖലയിലെ 74 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 458 വീടുകൾക്ക് ഭാഗികമായ കേടുപാടുകളും ആകെ 384 മത്സ്യബന്ധന യാനങ്ങൾക്കും 446 വല കൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കേടായ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ച് നഷ്ടം കണക്കാക്കി വരികയുമാണ്. |
| (ബി) | ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയത്; | (ബി) | മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ ആകെ 20 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമെ പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇരുപത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന്റെ ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പ് അനുവദിച്ചതാണ്. ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപയുടെ ധനസഹായം ബദൽ ജീവനോപാധിയായി ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്.<br><br>ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ട പരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓഖി ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് നിയുക്തരായിരുന്ന റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | ടി സമിതി പല പ്രാവശ്യം യോഗം ചേർന്ന് റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ താമസംവിനാ റിപ്പോർട്ട് നൽകുന്നതാണ്. തുടർന്ന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ ദുരന്തം മത്സ്യമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ പഠിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ